**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്) ശ്രീമതി.ആശാ ചന്ദ്രൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.7207/2021-ന്റെ 13.01.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4358/2024/GEDN തീയതി,തിരുവനന്തപുരം, 11-07-2024**

---

പരാമർശം:-

1. കൊല്ലം വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്) ശ്രീമതി.ആശാ ചന്ദ്രന്റെ 19.11.2022-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 24)
2. WP(C)No.7207/2021-ന്റെ 13.01.2023-ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.04.2023-ലെ ബി2/2939/2016 നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.04.2023-ലെ DDEKLM/10027/2021-B3 നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.05.2023-ലെ വിബി1/233542/2021/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്) ആയ ശ്രീമതി.ആശാ ചന്ദ്രൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.7207/2021-ന്റെ 13.01.2023-ലെ വിധിന്യായത്തിൽ ഹർജിക്കാരിയെയും 5,6 എതിർകക്ഷികളെയും ഉചിതമാർഗ്ഗേണ കേൾക്കുന്നതിനും, EXT P24 (Revision Petition dated 19.11.2022) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 10.05.2023 തീയതിയിൽ ഹർജിക്കാരിയുടെ പ്രതിനിധി, മാനേജരുടെ പ്രതിനിധി, ഹെഡ് മിസ്ട്രസ്സ്, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ google meet മുഖേന കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരിയായ ശ്രീമതി.ആശാ ചന്ദ്രന്റെ അപേക്ഷ ഇപ്രകാരമാണ് :**

“19.11.2022-ൽ ഹർജിക്കാരി ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ ഫയൽ ചെയ്ത ഹർജിയിൽ, അടിസ്ഥാനമില്ലാത്തതും തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ ആരോപണങ്ങളിന്മേൽ ഹർജിക്കാരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും സർക്കാരിന്റെയും തുടരെത്തുടരെയുള്ള ഉത്തരവുകൾ ഉണ്ടായിട്ടും സർവ്വീസിൽ തിരിച്ചെടുക്കാതെ മാനേജർ ഹർജിക്കാരിയെ സർവ്വീസിന് പുറത്തുനിർത്തുകയും മൂന്നിലധികം വർഷങ്ങൾ കഴിഞ്ഞതിനുശേഷം 20.9.2019-ൽ സർവ്വീസിൽ പുനഃപ്രവേശിച്ചതിനുശേഷം തെളിയിക്കപ്പെടാത്ത കുറ്റാരോപണങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടുകൂടി തടഞ്ഞു കൊണ്ട് മാനേജർ പുറപ്പെടുവിച്ച ഉത്തരവ് ചട്ടപ്രകാരം നിലനിൽക്കാത്തതിനാൽ റദ്ദ് ചെയ്യണമെന്നും വേലവിലക്ക് കാലയളവിലെ (period of suspension) സാമ്പത്തിക/സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കി ഉത്തരവാകുന്നതിനുമാണ് ഹർജിക്കാരി എക്സിബിറ്റ് പി 24 ഹർജിയിൽ അപേക്ഷിച്ചിട്ടുള്ളത്.

ഹർജി വിഷയത്തിൽ നിയമാനുസൃതമായ (in accordance with law) തീരുമാനമുണ്ടാകുന്നതിനായി ഉപോത്ബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന വസ്തുതകൾ സമർപ്പിക്കുന്നു:

വയനകം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.ടി.(എസ്.എസ്) തസ്തികയിൽ റഗുലർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി.ആശാ ചന്ദ്രനെ സ്കൂൾ മാനേജർ 20.5.2016-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായി.

വയനകം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ എച്ച്.എസ്.എ.(എസ്.എസ്) ആയി സേവനം അനുഷ്ഠിച്ചുവന്നിരുന്ന ശ്രീമതി.ആശാ ചന്ദ്രൻ, ഈ സ്കൂളിലെ ഫുൾടൈം മീനിയലായിരുന്ന അനിൽകുമാർ ആനന്ദ് എന്നിവർ അസാന്മാർഗ്ഗിക നടപടികളിൽ ഏർപ്പെടുന്നതായി സ്കൂൾ പ്രധാനാദ്ധ്യാപിക ചില പരാതികളുടെ അടിസ്ഥാനത്തിൽ മാനേജർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്, മേൽപ്പറഞ്ഞ ഉത്തരവിൽ ഇവർ രണ്ടുപേരെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത്.

മേൽപ്പറഞ്ഞ ആരോപണത്തിന്റെ അടിസ്ഥാനത്തിലുള്ള സസ്പെൻഷനെ തുടർന്ന് സസ്പെൻഷന് ആധാരമായ സാഹചര്യങ്ങളിന്മേൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 67(8) പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രാഥമിക അന്വേഷണം നടത്തുന്നതിന് സ്കൂൾ സന്ദർശിക്കുകയും സസ്പെൻഷനിൽ തുടരുന്നതിന്

കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുമതി നൽകുകയുമുണ്ടായി. തുടർന്ന് മാനേജർ ശ്രീമതി.ആശാ ചന്ദ്രന് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയും അതിന്മേൽ ഹർജിക്കാരി, തന്റെ മേൽ ഉന്നയിച്ച ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് പ്രതിവാദപ്രതിക സമർപ്പിച്ചിട്ടുള്ളതുമാണ്.

ശ്രീമതി.ആശാ ചന്ദ്രൻ നൽകിയ പ്രതിവാദപ്രതിക തൃപ്തികരമല്ല എന്ന നിഗമനത്തിൽ മാനേജർ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 7 5 പ്രകാരമുള്ള വിശദമായ അന്വേഷണം നടത്തുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെടുകയും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിശദമായ അന്വേഷണം നടത്തുകയും ചെയ്തു. വിശദമായ അന്വേഷണത്തിൽ ശ്രീമതി.ആശാ ചന്ദ്രന്റെ പേരിൽ ഉന്നയിച്ച ആരോപണങ്ങൾ ബോദ്ധ്യപ്പെട്ടുവെന്ന നിഗമനത്തിന്മേൽ ടിയാൾക്കെതിരെ യുക്തമായ ശിക്ഷണനടപടികൾ മാനേജ്മെന്റിൽ നിന്നും സ്വീകരിക്കാവുന്നതാണെന്നും എന്നാൽ സസ്പെൻഷൻ 6 മാസം പിന്നിട്ടിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ദീർഘിപ്പിക്കാവുന്നതല്ല എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്.

തുടർന്ന് ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ നീക്കം ചെയ്യാതിരിക്കുവാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ അത് ബോധിപ്പിക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് മാനേജർ പുറപ്പെടുവിച്ചു. എഫ്.ടി.എം. ആയ ശ്രീ. അനിൽകുമാർ ആനന്ദിന്റെ വിദേശത്ത് മെച്ചപ്പെട്ട ജോലിയിൽ കഴിയുന്ന ഭാര്യ, ടിയാനെതിരെ കോടതിയിൽ ഡൈവോഴ്സ് കേസ് ഫയൽ ചെയ്തിട്ടുള്ളതും അതിനാൽ പ്രസ്തുത ഡൈവോഴ്സ് കേസ് ബലപ്പെടുത്തുന്നതിനായി അനിൽകുമാറിന്റെ ഭാര്യവീട്ടുകാർ ആശാചന്ദ്രനുമായി ബന്ധപ്പെടുത്തി ചുവരെഴുത്തുകൾ നടത്തി അപകീർത്തിപ്പെടുത്തുന്നുവെന്നും ഈ വിവരം അനിൽകുമാറുമായി സംസാരിക്കുന്നതിന് 10.5.2016 രാവിലെ ഏഴ് മണിയോട് കൂടി അനിൽകുമാർ താമസിക്കുന്ന വീട്ടിൽ എത്തിയപ്പോൾ അനിൽകുമാറിന്റെ ഭാര്യയുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ളവർ ഇവരെ തടയുകയും അതിനാൽ മറ്റ് ഗത്യന്തരമില്ലാത്തതിനാൽ പോലീസ് സ്റ്റേഷനിൽ അഭയം തേടുകയുമാണ് ഉണ്ടായതെന്നും ഈ വിഷയത്തിൽ അസാന്മാർഗ്ഗികമായി യാതൊന്നും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുമുള്ള വിശദീകരണം കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി നൽകുകയും ചെയ്തിട്ടുള്ളതാണ്.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 7 5 പ്രകാരം കാരണം

കാണിക്കൽ നോട്ടീസിനോടൊപ്പം വിശദമായ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതയായ അദ്ധ്യാപികയ്ക്ക് നൽകേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിലെ ഉപചട്ടം 11 സി (റൂൾ 75(11)(സി) പ്രകാരം കാരണം കാണിക്കൽ നോട്ടീസിലുള്ള വിശദീകരണം കുറ്റാരോപിതയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ശിക്ഷണനടപടി സംബന്ധിച്ച അന്തിമതീരുമാനം പുറപ്പെടുവിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട അധികാരസ്ഥാനത്തുനിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്നും അനുശാസിക്കുന്നുണ്ട്. കൂടാതെ അദ്ധ്യായം 14എ ചട്ടം 74-ൽ താഴെ പറയുന്ന പ്രകാരവും അനുശാസിക്കുന്നുണ്ട്-

*74. The penalty of compulsory retirement, removal or dismissal from service can be imposed by the Manager only with the previous sanction of the Director, in the case of Teachers in the graduate teacher's scale and Headmaster of Higher Secondary Schools and Training schools and of the District Educational officer in other cases".*

അതിനാൽ മേൽപ്പറഞ്ഞ ചട്ടങ്ങൾ പ്രകാരം ഗ്രാഡ്വേറ്റ് അദ്ധ്യാപകരെ സർവ്വീസിൽ നിന്ന് ടെർമിനേറ്റ് ചെയ്യേണ്ട ആവശ്യകത ഉണ്ടാകുമ്പോൾ വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി ചട്ടപ്രകാരം വാങ്ങേണ്ടതാണ് എന്ന വസ്തുത സംശയാതീതമാണ്.

മാനേജർ 15.12.2016-ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി നേടുന്നതിനായി അപേക്ഷ നൽകി. മാനേജരുടെ പ്രസ്തുത അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിക്കുകയും ശ്രീമതി.ആശാ ചന്ദ്രന് എതിരായി കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിലുള്ള യുക്തമായ നടപടികൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുമാണുണ്ടായത് (പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.5.2017-ലെ ഇ.ബി.5/89836/2016/ഡി.പി.ഐ നമ്പർ ഉത്തരവ്) . അതിനാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ചട്ടം 75(11)(സി) പ്രകാരവും ചട്ടം 74 പ്രകാരവും ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്യുന്നതിനുള്ള മുൻകൂർ അനുമതി ഡയറക്ടർ നൽകിയിട്ടില്ല എന്നത് വ്യക്തമാണ്.

എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി, ശ്രീമതി.ആശാ ചന്ദ്രൻ ഹൈസ്കൂൾ അസിസ്റ്റന്റായതിനാൽ ടിയാളെ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്തുകൊണ്ടുള്ള ശിക്ഷ നടപ്പാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

അനുമതിക്ക് അപേക്ഷിക്കുകയും അത് അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്ന വസ്തുതാവിരുദ്ധമായ നിലപാട് സ്വീകരിച്ച് ശ്രീമതി.ആശാ ചന്ദ്രനെ സസ്പെൻഷൻ തീയതിയായ 20.5.2016 മുതൽ പ്രാബല്യത്തിൽ സേവനം അവസാനിപ്പിച്ച് (ടെർമിനേറ്റ് ചെയ്ത്) മാനേജർ ചട്ടത്തിന് വിരുദ്ധമായ തീരുമാനമാണ് എടുത്തിട്ടുള്ളത്.

അതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെ ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്തു കൊണ്ടുള്ള മാനേജരുടെ ഉത്തരവ് ചട്ടപ്രകാരം നിയമപ്രാബല്യമില്ലാത്തതും അസാധുവുമാണ്. അതിനാൽ തന്നെ ആശാചന്ദ്രന് എതിരായ അച്ചടക്കനടപടി മാനേജർ ചട്ടപ്രകാരം പൂർത്തിയാക്കിയിട്ടുള്ളതായി പരിഗണിക്കാവുന്നതല്ല. അക്കാരണത്താൽ ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ നിന്നും ടർമിനേറ്റ് ചെയ്തുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് സാധുതയില്ലാത്തതും അക്കാരണത്താൽതന്നെ നിയമപ്രാബല്യം ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ 20.05.2016 പ്രാബല്യത്തിൽ സസ്പെൻഷനിൽ തുടർന്നുവന്നിരുന്ന ശ്രീമതി.ആശാ ചന്ദ്രൻ, തന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് അപ്പീൽ അധികാരിയായ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ അപേക്ഷ നൽകി. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 6 7 ( 9 ) പ്രകാരം 6 മാസത്തിലധികമായി സസ്പെൻഷനിൽ തുടരുന്ന അദ്ധ്യാപകനെ, സസ്പെൻ ഷൻ 15 ദിവസത്തിനപ്പുറം ദീർഘിപ്പിക്കുന്നതിന് ഉത്തരവ് നൽകിയ അധികാരസ്ഥാനത്തിന് തൊട്ടുമുകളിലുള്ള അധികാരി മുമ്പാകെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിനുള്ള അപ്പീൽ അപേക്ഷ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത അപ്പീൽ അപേക്ഷ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിക്കുകയും താഴെപറയുന്ന തീരുമാനത്തിലെത്തുകയും ചെയ്തു.

"ശ്രീമതി.ആശാ ചന്ദ്രനെ 20.5.2016-ൽ സർവ്വീസിൽ നിന്നും വേലവിലക്ക് കല്പിച്ചിരുന്നു. എങ്കിലും നാളിതുവരെയായി ടിയാരിയെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ മാനേജർ തയ്യാറായിട്ടില്ല. ടിയാരിക്കെതിരെ ആരോപിക്കപ്പെട്ട സംഭവങ്ങളിൽ പോലീസ് നടപടി പൂർത്തീകരിച്ച് കുറ്റം തെളിയിച്ചിട്ടില്ല. ഇപ്പോൾ ടിയാരിയെ പിരിച്ചുവിടുക എന്ന കടുത്ത നടപടി സ്വീകരിക്കേണ്ട സാഹചര്യം ഇല്ല എന്നും മനസ്സിലാക്കുന്നു. ഇത്രയും നാൾ ടിയാരിയെ സർവ്വീസിൽ നിന്നും പുറത്തുനിർത്തിയതുതന്നെ ഒരു ശിക്ഷയാണ്. പിരിച്ചുവിടുക എന്ന നടപടി അംഗീകരിക്കാൻ കഴിയില്ല".

മേൽപ്പറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ആശാ ചന്ദ്രനെ അടിയന്തരമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14എ ചട്ടം 67(9) പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകി 02.12.2017-ലെ ബി3/12028/2017/കെ.ഡി.സ് നമ്പറിലുള്ള ഉത്തരവ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 02.12.2017-ലെ ഉത്തരവിനെതിരെ മാനേജർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)30008/2018 നമ്പറായും ശ്രീമതി.ആശാ ചന്ദ്രൻ, ടിയാളെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന ആവശ്യവുമായി WP(C)No.954/18 നമ്പറായും റിട്ട് ഹർജികൾ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് ഹർ ജികളുടെ 16.10.2018-ലെ പൊതുവിധിന്യായത്തിൽ ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ നിന്ന് ടെർമിനേറ്റ് ചെയ്യുന്നതിനുള്ള മുൻകൂർ അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്ന കാര്യത്തിൽ യുക്തമായ തീരുമാനം രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനിക്കേണ്ടതാണെന്നും ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്ന കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെ ആശ്രയിച്ചായിരിക്കും എന്നും കോടതി വിധിയായിട്ടുള്ളതുമാണ്.

കോടതി നിർദ്ദേശപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മാനേജരെയും ശ്രീമതി.ആശാ ചന്ദ്രനെയും നേരിൽ കേൾക്കുകയും ശ്രീമതി.ആശാ ചന്ദ്രൻ നൽകിയ പത്രികയിൽ തനിക്ക് കാരണം കാണിക്കൽ നോട്ടീസിനോടൊപ്പം മാനേജരിൽ നിന്നും ലഭിച്ചതും വയനകം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ 8,9,10 ക്ലാസ്സുകളിൽ (ഹൈസ്കൂളിൽ) പഠിക്കുന്ന കുട്ടികളുടെ രക്ഷാകർത്താക്കൾ സമർപ്പിച്ചിട്ടുള്ള പരാതിയുടെ പകർപ്പ് ഉപോത്ബലകമായ രേഖയായി സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പരാതിയിൽ ഒരേ പരാതിക്കാർ തന്നെ പല ക്രമനമ്പറുകളിലായി പരാതിക്കാരുടെ എണ്ണം കൂട്ടുന്നതിനായി ഒപ്പിട്ടിട്ടുള്ളതായും പൊതുവിദ്യാഭ്യാസ ഡയറക്ടറെ പരാതി രേഖയുടെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

1. ക്രമനമ്പർ 25 ആയ നിസ്സാം ക്രമനമ്പർ 43 ആയി ഒപ്പുവെച്ചിട്ടുണ്ട്.
2. ക്രമനമ്പർ 27 ആയ സൗമ്യ ക്രമനമ്പർ 45 ആയി ഒപ്പുവെച്ചിട്ടുണ്ട്.
3. ക്രമനമ്പർ 28 ആയ ഓമന ക്രമനമ്പർ 46 ആയി ഒപ്പുവെച്ചിട്ടുണ്ട്.

4. ക്രമനമ്പർ 5 ആയ ജയശ്രീ എൻ ക്രമനമ്പർ 47 ആയി ഒപ്പുവെച്ചിട്ടുണ്ട്.

5. ക്രമനമ്പർ 32 ആയ ജനീഫ ക്രമനമ്പർ 48 ആയി ഒപ്പുവെച്ചിട്ടുണ്ട്.

6. ക്രമനമ്പർ 30 ആയ ലീന ക്രമനമ്പർ 50 ആയി ഒപ്പുവെച്ചിട്ടുണ്ട്.

7. ക്രമനമ്പർ 39 ആയ ബുഷ്റ ക്രമനമ്പർ 59 ആയി ഒപ്പുവെച്ചിട്ടുണ്ട്.

8. ക്രമനമ്പർ 33 ആയ ശ്രീലത ക്രമനമ്പർ 53 ആയി ഒപ്പുവെച്ചിട്ടുണ്ട്.

9. ക്രമനമ്പർ 34 ആയ ശ്രീലത ക്രമനമ്പർ 54 ആയി ഒപ്പുവെച്ചിട്ടുണ്ട്.

10. ക്രമനമ്പർ 35 ആയ ബിന്ദു ക്രമനമ്പർ 55 ആയി ഒപ്പുവെച്ചിട്ടുണ്ട്.

11. ക്രമനമ്പർ 37 ആയ ബീനാദേവി കെ. ക്രമനമ്പർ 56 ആയി ഒപ്പുവെച്ചി ട്ടുണ്ട്.

12. ക്രമനമ്പർ 36 ആയ ഫാത്തിമ ക്രമനമ്പർ 57 ആയി ഒപ്പുവെച്ചിട്ടുണ്ട്.

13. ക്രമനമ്പർ 39 ആയ ബുഷ്റ ക്രമനമ്പർ 59 ആയി ഒപ്പുവെച്ചിട്ടുണ്ട്.

14. ക്രമനമ്പർ 40 ആയ ബിന്ദു ക്രമനമ്പർ 60 ആയി ഒപ്പുവെച്ചിട്ടുണ്ട്.

15. ക്രമനമ്പർ 41 ആയ ലതാകുമാരി ക്രമനമ്പർ 61 ആയി ഒപ്പുവെച്ചിട്ടുണ്ട്.

16. ക്രമനമ്പർ 9 ആയ സിന്ധു ക്രമനമ്പർ 62 ആയി ഒപ്പുവെച്ചിട്ടുണ്ട്.

ശ്രീമതി.ആശാ ചന്ദ്രൻ ഇതേ സ്കൂളിലെ എഫ്.ടി.എം. ആയ അനിൽകുമാറുമായി അസാന്മാർഗ്ഗിക ബന്ധത്തിലേർപ്പട്ടതായി ആരോപിക്കപ്പെട്ട സംഭവം സ്കൂളിൽ വെച്ച് നടന്ന സംഭവമല്ല. പ്രധാനാദ്ധ്യാപികയ്ക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ശ്രീമതി.ആശാ ചന്ദ്രനെയും ശ്രീ.അനിൽകുമാറിനെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടികൾക്ക് വിധേയരാക്കിയത്. ഒരേ പരാതിക്കാർ തന്നെ വീണ്ടും മറ്റ് ക്രമനമ്പറുകളായി ഒപ്പിട്ടിട്ടുള്ളതിനാൽ പരാതി തന്നെ വ്യാജപരാതിയായി മാത്രമേ പരിഗണിക്കാനാവുകയുള്ളൂ.

സ്കൂളിൽവെച്ച് നടക്കാത്ത സംഭവമായതിനാൽ പരാതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് സസ്പെൻഡ് ചെയ്യുകയും അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിട്ടുള്ളത് എന്ന വസ്തുത പരിഗണിക്കുമ്പോൾ പരാതി തന്നെ സംശയാസ്പദമായതിനാലും ഈ സംഭവത്തിന്മേൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയോ കേസ്സെടുക്കുകയോ ഒന്നും ചെയ്തിട്ടില്ലാത്തതിനാലും പോലീസ് രേഖകളായി ഈ സംഭവവുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും മാനേജർക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലാത്തതും കുറ്റം തെളിഞ്ഞതായുള്ള മാനേജരുടെ നിഗമനം അടിസ്ഥാനമില്ലാത്തതുമാണ്. ഇതേ

കാരണത്താൽ തന്നെയാണ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി.ആശാ ചന്ദ്രനെതിരെ ആരോപിക്കപ്പെട്ട സംഭവങ്ങളും കുറ്റം തെളിയിച്ചിട്ടില്ല എന്ന കണ്ടെത്തലോടെ ടിയാളെ അടിയന്തരമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ കോടതിവിധിക്കനുസൃതമായി പുറപ്പെടുവിച്ച 26.11.2018-ലെ വി.ബി-5/52842/2018/ഡി.പി.ഐ ഉത്തരവിൽ ശ്രീമതി.ആശാ ചന്ദ്രന്റെ പേരിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് ഉപോത്ബലകമായി തെളിവുകളൊന്നും തന്നെ മാനേജർക്ക് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നും ശ്രീമതി.ആശാ ചന്ദ്രൻ ഉൾപ്പെട്ടതായി ആരോപിക്കുന്ന സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തതായോ തുടർനടപടി സ്വീകരിച്ചതായോ കാണുന്നില്ല എന്നും അത്തരത്തിലുള്ള രേഖകൾ ഉള്ള പക്ഷം അത് സമർപ്പിക്കുന്നതിന് മാനേജർക്ക് അവസരം നൽകിയെങ്കിലും മാനേജർ അത് ലഭ്യമാക്കിയിട്ടില്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2018-ലെ ഉത്തരവിൽ എടുത്തു പറയുന്നുണ്ട്. അതിനാൽ ശ്രീമതി.ആശാ ചന്ദ്രനെ സേവനത്തിൽ നിന്നും പിരിച്ചുവിടുക എന്ന തരത്തിലുള്ള കർശനശിക്ഷ നടപ്പാക്കേണ്ട സാഹചര്യം നിലവിലുള്ളതായി ഒന്നും തന്നെ ബോദ്ധ്യപ്പെടാത്തതിനാൽ മാനേജരുടെ അപേക്ഷ നിരസിച്ചു കൊണ്ടാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ കോടതി വിധിക്ക് അനുസൃതമായ തീരുമാനം എടുത്തിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് മാനേജർ നടപ്പാക്കാതെ പ്രസ്തുത ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ WP(C)1409/2019 ഫയൽ ചെയ്തു. പ്രസ്തുത റിട്ട് ഹർജിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാനേജരുടെ റിവിഷൻ ഹർജി സർക്കാർ പരിശോധിക്കുകയും വിശദവും സമഗ്രവുമായ പരിശോധന നടത്തുകയും ശ്രീമതി.ആശാ ചന്ദ്രനെ സേവനത്തിൽ നിന്നും പിരിച്ചുവിടുക എന്ന തരത്തിലുള്ള കർശനശിക്ഷ നടപ്പിലാക്കേണ്ട സാഹചര്യം ഒന്നുംതന്നെ ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാളെ അടിയന്തരമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും മാനേജരുടെ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ അത് നിരസിച്ചുകൊണ്ടുമാണ് സർക്കാർ 20.05.2019-ലെ ജി.ഒ.(ആർ.ടി)1792/2019/പൊ.വി.വ പുറപ്പെടുവിച്ചത്. സർക്കാർ ഉത്തരവിൽ ആശാചന്ദ്രന് എതിരായി ആരോപിക്കുന്ന കുറ്റകൃത്യങ്ങളിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തതായോ തുടർ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല എന്നും അത്തരത്തിലുള്ള രേഖകൾ

ഒന്നുംതന്നെ മാനേജർക്ക് അവസരം നൽകിയിട്ടും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നും സർക്കാർ കണ്ടെത്തിയിട്ടുള്ളതുമാണ്.

എന്നാൽ സർക്കാരിൽ നിന്നുള്ള വ്യക്തമായ ഉത്തരവുണ്ടായിട്ടും ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് യാതൊരു നടപടികളും മാനേജർ സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ, സർക്കാർ ഉത്തരവ് നടപ്പാക്കി, തന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും മാനേജർക്കും ഹർജിക്കാരി 27.05.2019-ൽ അപേക്ഷ നൽകേണ്ടിവന്നിട്ടുള്ളതാണ്. കൂടാതെ, 4.6.2019-ലെ ബി2/2939/2015 നമ്പർ കത്ത് പ്രകാരം ഹർജിക്കാരിയെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിനും അക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിനും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

എന്നാൽ സർക്കാർ ഉത്തരവിനെതിരെ മാനേജർ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ വീണ്ടും WP(C)17566/2019 ഫയൽ ചെയ്യുകയാണുണ്ടായത്. പ്രസ്തുത റിട്ട് ഹർജിയിലെ 29.08.2019-ലെ വിധിന്യായത്തിൽ 26.112018-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവും 20.5.2019-ലെ സർക്കാർ ഉത്തരവും നടപ്പാക്കാതിരിക്കുന്നതിനുള്ള യാതൊരു കാരണങ്ങളും കാണുന്നില്ല എന്നും 20.05.2020-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കേണ്ടതാണെന്നും കോടതി വിധിയായിട്ടുള്ളതാണ് (വിധിന്യായത്തിലെ 11,12,13 ഖണ്ഡികകൾ).

അതിനാൽ യാതൊരു അർത്ഥശങ്കയ്ക്കും ഇടയില്ലാത്ത തരത്തിൽ ഹർജിക്കാരിയുടെ ഭാഗത്തുനിന്നും കുറ്റകരമായ യാതൊരു വീഴ്ചയും കാണാൻ കഴിയാത്ത സാഹചര്യത്തിൽ ഹർജിക്കാരിയെ സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ഉത്തരവുകൾ പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കോടതി വ്യക്തമായ ഉത്തരവ് നൽകിയ സാഹചര്യത്തിൽ നിയമപരമായി ഹർജിക്കാരിയെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന് ശേഷമാണ് മാനേജർ ഹർജിക്കാരിയെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് 23.09.2019-ൽ മാനേജർ ഉത്തരവായത്. പ്രസ്തുത ഉത്തരവ് ഹർജിക്കാരിക്ക് ലഭിക്കുന്നത് 27.09.2019-ലാണ്. അതിൻപ്രകാരം ഹർജിക്കാരി 30.09.2019-ൽ സ്കൂളിൽ പുനഃപ്രവേശിക്കുകയും ചെയ്തു.

30.09.2019-ൽ സർവ്വീസിൽ പുനഃപ്രവേശിച്ച സാഹചര്യത്തിൽ അടിസ്ഥാനമില്ലാത്തതും യാതൊരു തെളിവുകളുമില്ലാതെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ തനിക്ക് മാനഹാനിയും സാമ്പത്തിക ബാദ്ധ്യതകളും വന്നിട്ടുള്ളതാണെന്നും അതിനാൽ സർവ്വീസിൽ നിന്നും പുറത്തുനിൽക്കേണ്ടിവന്ന 20.05.2016 മുതലുള്ള സസ്പെൻഷൻ കാലയളവ് താൻ കുറ്റക്കാരിയല്ലാത്തതിനാൽ ഡ്യൂട്ടിയായി പരിഗണിക്കണമെന്നും ഈ കാലയളവിൽ തനിക്ക് നഷ്ടപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങളും സർവ്വീസ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്ന അപേക്ഷയാണ് ഹർജിക്കാരി സർക്കാർ മുമ്പാകെ സമർപ്പിച്ചത്. പ്രസ്തുത അപേക്ഷയിന്മേൽ സമയബന്ധിതമായ തീരുമാനമുണ്ടാകുന്നതിനായി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ WP(C)13259/2020 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജിയിലെ 03.07.2020-ലെ കോടതി വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ സമർപ്പിച്ച 15.11.2019-ലെ ഹർജിയിന്മേൽ ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും കേൾക്കാൻ അവസരം നൽകി മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകി കോടതി വിധി പുറപ്പെടുവിച്ചു.

പ്രസ്തുത കോടതിവിധിക്ക് അനുസൃതമായി സർക്കാർ ഹർജിക്കാരി ഉൾപ്പെടെ ബന്ധപ്പെട്ടവരെ കേൾക്കുകയും 11.01.2021-ലെ സ.ഉ.(സാധാ)നം.250/2021/പൊ.വി.വ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ അവസാന ഖണ്ഡിക (5) താഴെ ഉദ്ധരിക്കുന്നു:

"(5). ഹിയറിംഗിന്റെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ശ്രീമതി.ആശാ ചന്ദ്രൻ എച്ച്.എസ്.ടി.(എസ്.എസ്) നൽകിയ റിവിഷൻ ഹർജി വിശദമായി പരിശോധിച്ചു. വയനകം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.ടി(എസ്.എസ്) ശ്രീമതി.ആശാ ചന്ദ്രന്റെ വേലവിലക്ക് കാലം ക്രമീകരിച്ച് നൽകുന്നതിന് ഒരുമാസത്തിനകം ആവശ്യമായ നടപടി സ്വീകരിക്കാൻ വയനകം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകി പരാമർശം(1)ലെ എക്സിബിറ്റ് പി 4 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം ഹർജിക്കാരി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത പരാമർശം (2)ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ നിർദ്ദേശം മാനേജർ നടപ്പാക്കാത്ത പക്ഷം ടിയാൾക്കെതിരെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ നടപടി സ്വീകരിക്കുന്നതാണ്."

എന്നാൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും, സർക്കാരും പുറപ്പെടുവിച്ച വിവിധ ഉത്തരവുകളിൽ ഹർജിക്കാരിക്കെതിരെ തെളിയിക്കാൻ കഴിയാത്ത ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്നും കൂടാതെ, ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ WP(C)17566/2019-ലെ കോടതിവിധിയിലും ഹർജിക്കാരിയുടെ ഭാഗത്തുനിന്നും കുറ്റകരമായ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം വിധിയായിട്ടുള്ളതും പരിഗണിക്കാതെ മാനേജർ ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകളും സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. കൂടാതെ, ഹർജിക്കാരിയുടെ സസ്പെൻഷൻ തീയതിയായ 20.5.2016 മുതലുള്ള സേവനത്തിൽ പുനഃപ്രവേശിക്കപ്പെട്ടതിന്റെ തലേ ദിവസം വരെ അർഹതപ്പെട്ട അവധിയായി (ശമ്പളമില്ലാത്ത അവധി ഉൾപ്പെടെ) ക്രമീകരിച്ചുകൊണ്ടും മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. (15.02.2021-ലെ 5/2021 നമ്പറിലുള്ള മാനേജരുടെ ഉത്തരവ്). പ്രസ്തുത ഉത്തരവ് കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 70 പ്രകാരം അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. (കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 5.11.2022-ലെ ബി2/2939/2016 നമ്പറിലുള്ള ഉത്തരവ്).

പ്രസ്തുത ഉത്തരവിനെതിരെയാണ് ഹർജിക്കാരി സർക്കാർ മുമ്പാകെ 28.01.2023-ൽ ഹർജി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഹർജി ഹർജിക്കാരിയെയും, 5,6 എതിർകക്ഷികളായ (മാനേജരെയും, പ്രധാനാദ്ധ്യാപകനെയും) 4 മാസത്തിനുള്ളിൽ കേൾക്കാൻ അവസരം നൽകി തീർപ്പാക്കുന്നതിനാണ് സർക്കാരിന് നിർദ്ദേശം നൽകി പരിഗണനാവിഷയമായ WP(C) 7207/2021-ലെ 13.2.2021-ലെ വിധിന്യായത്തിൽ സർക്കാരിന് നിർദ്ദേശം നൽകി വിധിയായിരിക്കുന്നത്.

ഹർജിക്കാരിയുടെ 3 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി (ശൂന്യവേതനാവധി ഉൾപ്പെടെ) പരിഗണിച്ചും മാനേജർ പുറപ്പെടുവിച്ച ഉത്തരവ് താഴെ പറയുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

കാരണങ്ങൾ

കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 02.12.2017-ലെ ഉത്തരവിലും പൊതുവിദ്യാഭ്യാസ

ഡയറക്ടറുടെ 26.11.2018-ലെ ഉത്തരവിലും തുടർന്ന് സർക്കാർ പുറപ്പെടുവിച്ച 20.5.2019, 11.01.2021 തീയതികളിലെ ഉത്തരവുകളിലും ഹർജിക്കാരിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ തെളിയിക്കാനാവാത്തതിനാൽ ഉടനടി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് ഉത്തരവ് മാനേജർക്ക് നൽകിയിട്ടുള്ളതാണ്. ഈ ഉത്തരവുകളൊന്നും മാനേജർ പാലിച്ചില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2018-ലെ ഉത്തരവിൽ ഹർജിക്കാരിക്കെതിരെ മാനേജർക്ക് ലഭിച്ചതായി പറയുന്ന പരാതിയിൽ ഒരേ പരാതിക്കാർ തന്നെ പല ക്രമനമ്പറുകളിലായി ഒപ്പ് രേഖപ്പെടുത്തിയ പരാതിയാണ് മാനേജർ സമർപ്പിച്ചിട്ടുള്ളതെന്നും അതിനാൽ പരാതിയുടെ നിജസ്ഥിതി തന്നെ സംശയാസ്പദമായി കണ്ടെത്തിയിട്ടുള്ളതാണ്. എന്നാൽ തുടരെ തുടരെയുള്ള നിർദ്ദേശങ്ങൾ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും സർക്കാരിൽ നിന്നും മാനേജർക്ക് ലഭിച്ചിരുന്നുവെങ്കിലും അവയെല്ലാം തൃണവൽക്കരിച്ച് ഹർജിക്കാരിയെ സർവ്വീസിന് പുറത്തുനിർത്തുകയായിരുന്നു. തുടർന്ന് മാനേജർ കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത 17566/2019 നമ്പർ റിട്ട് ഹർജിയിലെ 29.08.2019-ലെ വിധിന്യായ പ്രകാരം കർശനമായ നിർദ്ദേശം മാനേജർക്ക് കോടതിയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമാണ് ഹർജിക്കാരിയെ മാനേജർ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചത്.

അതിനാൽ മൂന്ന് വർഷത്തിലധികമായി യാതൊരു ന്യായീകരണവുമില്ലാതെ ഹർജിക്കാരിയെ സസ്പെൻഷനിൽ നിർത്തിയതു തന്നെ ഒരു ശിക്ഷയായി ബഹുമാനപ്പെട്ട കോടതി നിരീക്ഷിച്ചിട്ടുള്ളതുമാണ്. മാത്രവുമല്ല യാതൊരു തലത്തിലും തെളിയിക്കാൻ കഴിയാത്ത ആരോപണങ്ങളിന്മേലാണ് ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് മാനേജർ ഉത്തരവായിരിക്കുന്നത്. തെളിവില്ലാത്ത ആരോപണത്തിന്മേൽ ശിക്ഷ നൽകുന്നതിന് നിയമം അനുവദിക്കുന്നില്ല.

ഹർജിക്കാരിയുടെ പേരിൽ ആരോപിക്കുന്ന കുറ്റം തെളിയിക്കപ്പെടാത്തതാണെങ്കിൽക്കൂടി സ്കൂളിന്റെ പേരിന് കളങ്കവും അവമതിയും ഉണ്ടായതായും രക്ഷാകർത്താക്കൾ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിന് വിമുഖത കാണിക്കുന്നുവെന്നും ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുകൊണ്ടുള്ള ശിക്ഷ നൽകിയതിന് ന്യായീകരണമായി മാനേജരുടെ ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ 2016-ൽ ഉണ്ടായതായി പരാമർശിക്കുന്ന ഹർജിക്കാരിക്കെതിരെയുള്ള ആരോപണം പർവ്വതീകരിച്ച് ചർച്ചാവിഷയമാക്കിയ സാഹചര്യവും സ്കൂളിന്റെ പ്രതിച്ഛായയ്ക്ക് സമൂഹമധ്യത്തിൽ

മങ്ങലേൽപ്പിച്ചിട്ടുണ്ട് എന്ന വസ്തുത മാനേജർ വിസ്മരിക്കുകയാണ്.

ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച 29.08.2019-ലെ ജെ1/164/2019/പൊ.വി.വ നമ്പർ സർക്കുലറിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു-എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ മാനേജർ സസ്പെൻഡ് ചെയ്യുകയും ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന വിഷയത്തിൽ സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി പുറപ്പെടുവിച്ച പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക-1,2,3 പ്രകാരം, തെളിയിക്കപ്പെടാത്ത യാതൊരു കാരണവുമില്ലാതെ ഹർജിക്കാരിയെ അനാവശ്യമായി സസ്പെൻഷനിൽ നിർത്തിയ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കേണ്ടതും തദനുസൃതമായ ആനുകൂല്യങ്ങൾ ഹർജിക്കാരിക്ക് ചട്ടങ്ങൾക്ക് അനുസൃതമായി അനുവദിക്കേണ്ടതുമാണ്.

സസ്പെൻഷൻ (വേലവിലക്ക്) ഒരു ശിക്ഷ അല്ല എന്ന വാദഗതി മാനേജർ തന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ച്ക്ക് ന്യായീകരണമായി ഉയർത്തുന്നുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നം. 1912/15 നമ്പറിലുള്ള 16.2.2015-ലെ വിധിന്യായത്തിലെ ഖണ്ഡിക 7 താഴെ ഉദ്ധരിക്കുന്നു:

"Learned Senior Counsel for the Appellant, however, has rightly relied on a series of judgments of this court including O.P,. Gupta Vs.Union of India 1987(4) SCC 328, where this court has enunciated that the suspension of an employee is injurious to his interest and must not be continued for an unreasonably long period; that, therefore, an order of suspension should not be lightly passed......"

ഇതേ വിധിന്യായത്തിലെ ഖണ്ഡിക-8-ലെ പ്രസക്തഭാഗത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു- "8. Suspension, specially preceding the formulation of charges, is essentially transitory or temporary in nature, and must perforce be of short duration. If it is for an indeterminate period, or if its renewal is not based on sound reasoning contemporaneously available on the record, this would render it punitive in nature".

അതിനാൽ സസ്പെൻഷൻ അനിശ്ചിതമായി നീളുകയാണെങ്കിൽ ഈ കാലയളവിൽ സസ്പെൻഷന് വിധേയനായ ജീവനക്കാരൻ സമൂഹമദ്ധ്യത്തിൽ നിന്നും ബന്ധുജനങ്ങളിൽ നിന്നും ഒറ്റപ്പെടൽ നേരിടേണ്ടിവരികയും മാനസികവ്യഥ അനുഭവിക്കേണ്ടിവരികയും ചെയ്യുന്ന

സ്ഥിതിവിശേഷമുണ്ടാകുന്നു. അക്കാരണത്താൽ തന്നെ സസ്പെൻഷൻ അസാധാരണമായി നീളുകയാണെങ്കിൽ അതൊരു ശിക്ഷയായി (render it punitive in nature) തന്നെ മാറുന്നതായും ബഹുമാനപ്പെട്ട സുപ്രീംകോടതി നിരീക്ഷിച്ചിട്ടുള്ളതാണ്.

തുടരെ തുടരെ സർക്കാരിൽ നിന്നും വിദ്യാഭ്യാസ അധികൃതരിൽ നിന്നും ഹർജിക്കാരിയെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയെങ്കിലും അവയെല്ലാം അവഗണിച്ച് ചട്ടങ്ങൾക്ക് വിരുദ്ധമായും മാനേജരുടെ വാശി കാരണവും ഹർജിക്കാരിയെ മൂന്ന് വർഷത്തിലധികം സർവ്വീസിന് പുറത്താക്കിയത് യാതൊരു തരത്തിലും ന്യായീകരിക്കാനാവാത്തതും അക്കാരണത്താൽ തന്നെ സസ്പെൻഷൻ ഒരു ശിക്ഷയായും മാനേജർ ഫയൽ ചെയ്ത എക്സിബിറ്റ് പി 13 (WP(C)No.17566/2019) റിട്ട് ഹർജിയിലെ വിധിന്യായത്തിലും നിരീക്ഷിക്കുന്നുണ്ട്.

അതിനാൽ ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് റദ്ദാക്കിയും സർക്കാർ വകുപ്പ് തലങ്ങളിൽനിന്നും പുറപ്പെടുവിച്ച നിർദ്ദേശങ്ങളെ അവഗണിച്ചു കൊണ്ട് ഹർജിക്കാരിയെ സസ്പെൻഷനിൽ നിർത്തിയ കാലയളവ് എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവാകണമെന്നും തദനുസൃതമായി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.''

**3) മാനേജർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു :**

"ശ്രീമതി.ആശാ ചന്ദ്രൻ എച്ച്.എസ്.ടി.(എസ്.എസ്)-ന്റെ 19/11/2022-ലെ റിവിഷൻ പെറ്റീഷൻ കാര്യവശാലും നിയമവശാലും താഴെ പറയുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

(i) 14.10.2016-ലെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ EXT.P4 അന്വേഷണ റിപ്പോർട്ടിൽ ശ്രീമതി.ആശാ ചന്ദ്രൻ, ശ്രീ.അനിൽകുമാർ ആനന്ദ് എന്നിവർ സ്കൂളിലെ വിദ്യാർഥികൾക്കും മറ്റ് സഹപ്രവർത്തകർക്കും ദുർമാതൃകയാകത്തക്കവണ്ണമുള്ള നടപടികളിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് വെളിവാകുന്നു എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിനും കുട്ടികൾക്കും മാതൃകയാവേണ്ട ഇവരിൽ നിന്നും സ്കൂളിന്റെ സൽപേരിനും കുട്ടികളുടെ അവമതിപ്പിനും ഇടയാക്കുന്ന പ്രവൃത്തികൾ ഉണ്ടായിട്ടുണ്ടെന്ന വസ്തുത കെഇആർ അധ്യായം 14എ ചട്ടം 75 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്.

(ii) ഹർജിക്കാരി ഒരിക്കൽപോലും അന്വേഷണ റിപ്പോർട്ടിനെ ചോദ്യം ചെയ്തിട്ടില്ല

(iii) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ തെറ്റാണെന്നോ അടിസ്ഥാനരഹിതമാണെന്നോ ഉള്ള യാതൊരു തർക്കങ്ങളും റിവിഷൻ ഹർജിക്കാരിക്കില്ല. അതിനാൽ ഈ കണ്ടെത്തലുകൾ അവർ അംഗീകരിച്ചതായി കണക്കാക്കാവുന്നതാണ്.

(iv) വാളച്ചലിലെ അനിൽകുമാർ ആനന്ദിന്റെ താമസ സ്ഥലത്ത് വെച്ച് 10/5/2016 വെളുപ്പിന് നടന്നതായി പറയപ്പെടുന്ന സംഭവത്തെ പറ്റി (10/05/2016 വെളുപ്പിന് ഇവർ രണ്ടുപേരും കൂടി വാളച്ചാലിലെ വസതിയിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന അനിൽകുമാർ ആനന്ദിന്റെ വസതിയിൽ നിന്ന് ആശാ ചന്ദ്രനേയും അനിൽകുമാറിനെയും കൂടി പിടികൂടി വള്ളികുന്നം പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കുക ഉണ്ടായി എന്ന സംഭവം) രണ്ടുപേരും അന്വേഷണവേളയിൽ പ്രതികരിച്ചിരുന്നില്ല എന്ന് ഡിഇഒ തന്റെ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, സംഭവസ്ഥലത്ത് വച്ച് വീട് വളഞ്ഞവർ തൽസമയം മൊബൈലിൽ പകർത്തിയതെന്നു പറഞ്ഞു ഏതാനും മൊബൈൽ ദൃശ്യങ്ങളും അന്വേഷണ സമയത്ത് ഹാജരാക്കിയിരുന്നു എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്താവിച്ചിട്ടുണ്ട്.

(v) കുട്ടികൾക്ക് റോൾ മോഡൽ ആകേണ്ട അധ്യാപികയുടെ ഭാഗത്തുനിന്നുമുണ്ടായ അസാന്മാർഗിക നടപടികൾ സ്കൂളിനെ മൊത്തത്തിൽ ബഹുജനങ്ങളുടെ മുൻപിൽ അവമതിപ്പുണ്ടാക്കിയിട്ടുണ്ട്.

(vi) റിവിഷൻ ഹർജിക്കാരിയുടെ അവിഹിത നടപടികൾ സ്കൂളിന്റെ സൽപേരിനെ സാരമായി ബാധിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകലിന് കാരണമാകുന്നുണ്ടെന്നും എച്ച്.എം. സമർത്ഥിച്ചിട്ടുണ്ടെന്നും അന്വേഷണറിപ്പോർട്ടിൽ വ്യക്തമാകുന്നുണ്ട്.

(vii) 2/12/2017-ലെ EXT P9 ഉത്തരവു പ്രകാരം ഹർജിക്കാരിയെ സർവീസിൽ പുന:പ്രവേശിപ്പിക്കാൻ കൊല്ലം DDE ഉത്തരവായെങ്കിലും അതിനുമുൻപ് തന്നെ 21/06/2017-ലെ EXT P10 ഉത്തരവ് പ്രകാരം മാനേജർ, DGE-യുടെ EXT P6 ഉത്തരവിന്റെ വെളിച്ചത്തിൽ ഹർജിക്കാരിയുടെ സേവനം 20/05/2016 മുതൽ അവസാനിപ്പിച്ച് ഉത്തരവായിരുന്നു.

(viii) 16/10/2018-ലെ EXT P11 വിധിന്യായത്തിൽ ഹർജിക്കാരിയുടെ സേവനം അവസാനിപ്പിച്ച മാനേജരുടെ ഉത്തരവ് നിയമപരമായ നടപടിക്രമങ്ങളിലൂടെ ഭേദഗതി ചെയ്യുന്നത് വരെ നിലനിൽക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Page 43 of WP(C)No.7207/21). കൂടാതെ DGE-യെ തീരുമാനം കൈക്കൊള്ളുവാൻ ബഹു. കോടതി ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

(ix) 26/11/2018-ലെ EXT P12 തീരുമാനപ്രകാരം മാത്രമാണ് DGE പിരിച്ചുവിടുക എന്ന ശിക്ഷ നടപ്പിലാക്കേണ്ടതില്ലെന്ന ഉത്തരവായത്.

(x) 20/05/2019-ലെ EXT P15 ഉത്തരവിൽ മാത്രമാണ് സർക്കാർ ഹർജിക്കാരിയെ അടിയന്തരമായി സർവീസിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയത്.

(xi) 20.05.2019-ലെ EXT P15 ഉത്തരവിനെതിരെ മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C).17566/19-ലെ 23.08.19-ലെ വിധിന്യായത്തിൽ ഹർജിക്കാരിയെ തിരികെ സർവിസിൽ പ്രവേശിപ്പിക്കാൻ ഉത്തരവായി. അതനുസരിച്ച് 23/09/2019-ലെ EXT P18 ഉത്തരവ് പ്രകാരം ഹർജിക്കാരിയെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയുണ്ടായി. 30/09/19-ൽ ഹർജിക്കാരി തിരികെ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു.

(xii) മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ നിർബന്ധിതമായി തടയുന്നതിനും സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിനും മാനേജർ EXT P22 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ തീരുമാനം ബഹുമാനപ്പെട്ട DEO EXT P23 പ്രകാരം അംഗീകരിച്ചിട്ടും ഉണ്ട്.

(xiii) ഹർജിക്കാരി കുറ്റക്കാരി അല്ലെന്ന് യാതൊരു നിലപാടിലും വകുപ്പ് അധികാരികളോ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയോ ഈ കേസുമായി ബന്ധപ്പെട്ട ഹർജിക്കാരി ഹാജരാക്കിയ രേഖകളിൽ ഒന്നിലും പറയുന്നില്ല. ഹർജിക്കാരി ചെയ്ത തെറ്റ് അധ്യാപക സമൂഹത്തിനും സ്ത്രീ സമൂഹത്തിനും പൊതുവേ സ്കൂളിനും അവമതിയാക്കിയിട്ടുണ്ട്.

(xiv) ഹർജിക്കാരിയെ അകാരണമായി സർവീസിൽ വേലവിലക്ക് കൽപ്പിച്ച് മാനേജർ പുറത്തു നിർത്തിയതായി വകുപ്പ് അധികാരികളോ ബഹുമാനപ്പെട്ട ഹൈക്കോടതിയോ ഹർജിക്കാരി ഹാജരാക്കിയിട്ടുള്ള യാതൊരു രേഖകളിലും പ്രതിപാദിക്കുന്നില്ല.

(xv) ഗവൺമെന്റ് ഹർജിക്കാരിയെ ഒരിക്കലും കുറ്റവിമുക്ത ആക്കിയിട്ടില്ല.

(xvi) ഹർജിക്കാരിയെ സർവീസിൽ പ്രവേശിപ്പിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള EXT P15 ഉത്തരവിലോ അതിൻമേൽ മാനേജർ സമർപ്പിച്ച WP(C)17566/19-ലെ 23.08.19-ലെ വിധിന്യായത്തിലോ ഹർജിക്കാരിയെ തിരികെ സർവീസിൽ പ്രവേശിപ്പിക്കുന്നതിൽ മാനേജരുടെ ഭാഗത്ത് നിന്നും വീഴ്ചയും കാലതാമസവും സംഭവിച്ചു എന്നും യാതൊരു പരാമർശവും ഉണ്ടായിട്ടില്ല.

(xvii) ഹർജിക്കാരിക്ക് എതിരെ ആരോപിച്ച കുറ്റങ്ങൾ താൻ ചെയ്തിട്ടില്ലെന്നോ മാനേജർ മന:പൂർവം കെട്ടിച്ചമച്ച ആരോപണമാണെന്നോ ഉള്ള ആരോപണങ്ങളൊന്നും പരാതിക്കാരി ഉന്നയിച്ചിട്ടില്ല. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ കൃത്യമായി സംശയലേശമെന്യേ തെളിഞ്ഞിട്ടുമുണ്ട്. അത് വളരെ ഗൗരവമേറിയ തെറ്റും ആണ്. അധ്യാപകർക്കും സ്ത്രീ സമൂഹത്തിനും സ്കൂളിനും അപമാനം ഉണ്ടാക്കിയതും ആണ്.

ഈ സാഹചര്യത്തിൽ ഹർജിക്കാരിയുടെ റിവിഷൻ ഹർജിയിലെ ആവശ്യങ്ങൾ നിരാകരിക്കണമെന്ന് ആദരവോടെ അപേക്ഷിക്കുന്നു."

**4) വയനകം വി.എച്ച്.എസ്.എസ്.ലെ ഹെഡ്മിസ്ട്രസ്സ് ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

"1. എക്സിബിറ്റ് പി23 ആയി സമർപ്പിക്കപ്പെട്ടതും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ളതുമായ ഉത്തരവ് നമ്പർ ബി2/2939/2016 തീയതി 05.11.2022 ചലഞ്ച് ചെയ്യപ്പെട്ടിരിക്കുന്നു.

2. രണ്ടാം എതിർകക്ഷിയായ വയനകം വി.എച്ച്.എസ്.എസ്.ലെ മാനേജർ 15/02/2021-ലെ 5/2021 നം. ഉത്തരവ് (എക്സിബിറ്റ് പി 22 ആയി സമർപ്പിക്കപ്പെട്ടത്) പ്രകാരം റിവിഷൻ ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ ഒരു ശിക്ഷയായി സഞ്ചിതപ്രാബല്യത്തോടെ കേരള വിദ്യാഭ്യാസ ചട്ടം 1959 അദ്ധ്യായം IV റൂൾ 65 (ii) പ്രകാരം ഹെഡ്മിസ്ട്രസ്സുമായി കൺസൽട്ട് ചെയ്തും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സാധൂകരണത്തിന് വിധേയമായും തടഞ്ഞു വച്ചിരുന്നു. റിവിഷൻ ഹർജിക്കാരിയുടെ സസ്പെൻഷൻ കാലയളവായ 20/05/2016 മുതൽ 22/09/2019 വരെയുള്ള കാലയളവ് റിവിഷൻ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി ഉൾപ്പെടെയുള്ള എലിജിബിൾ ലീവ് ആയി പരിഗണിച്ചിരുന്നു.

3. എക്സിബിറ്റ് പി 23 ആയി സമർപ്പിക്കപ്പെട്ട ഉത്തരവ് പ്രകാരം ഒന്നാം എതിർകക്ഷി 1959-ലെ കെ.ഇ.ആർ. അധ്യായം XIV റൂൾ 70 അനുസരിച്ച എക്സിബിറ്റ് പി22 ഉത്തരവിനെ സാധൂകരിക്കുകയും റിവിഷൻ ഹർജിക്കാരിയുടെ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ വയനകം VHSS ഹെഡ്മിസ്ട്രസ്സിനു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4. എക്സിബിറ്റ് പി 22, പി 23 എന്നീ ഉത്തരവുകൾ പുറപ്പെടുന്നതിലേക്കു നയിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

5. എക്സിബിറ്റ് പി 1 ഉത്തരവ് പ്രകാരം റിവിഷൻ ഹർജിക്കാരിയെയും സ്കൂളിലെ ഒരു താഴ്ന്ന ജീവനക്കാരനെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.

6. കെ.ഇ.ആർ. 1959 അധ്യായം XIV A റൂൾ 67(8) അനുസരിച്ച ഒന്നാം എതിർകക്ഷി സസ്പെൻഷൻ തുടരുന്നതിനു എക്സിബിറ്റ് പി 2 ഉത്തരവ് പ്രകാരം അനുവാദം നൽകിയിരുന്നു.

7. എക്സിബിറ്റ് പി3 പ്രകാരം റിവിഷൻ ഹർജിക്കാരിക്ക് ഒരു ചാർജ് മെമ്മോ നൽകിയിരുന്നു.

8. കെ.ഇ.ആർ. 1959 അധ്യായം XIV A റൂൾ 75 പ്രകാരം ഒന്നാം എതിർകക്ഷി ആരോപണങ്ങളിന്മേൽ ഒരു അന്വേഷണം നടത്തി 14.10.16-ന് ഒരു റിപ്പോർട്ട് നൽകുകയും മാനേജർക്ക് റിവിഷൻ ഹർജിക്കാരിക്കെതിരെ അച്ചടക്കനടപടി ആരംഭിക്കാൻ അനുവാദം നൽകുകയും ചെയ്തിരുന്നു.

9. റിവിഷൻ ഹർജിക്കാരിയെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കാൻ ആവശ്യപ്പെട്ട് ടിയാരിക്ക് എക്സിബിറ്റ് പി 5 കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

10. പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ ഹർജിക്കാരിയുടെയും എതിർകക്ഷികളുടെയും വാദം കേട്ടശേഷം റിവിഷൻ ഹർജിക്കാരിക്കെതിരെ ഉചിതമായ നടപടിയെടുക്കുവാൻ 10.05.2017-ലെ എക്സിബിറ്റ് പി 6 ഉത്തരവിൽ നിർദ്ദേശിച്ചു.

11. എക്സിബിറ്റ് പി 10 ഉത്തരവ് പ്രകാരം എക്സിബിറ്റ് പി 6 ഉത്തരവിന്റെ വെളിച്ചത്തിൽ റിവിഷൻ ഹർജിക്കാരിയെ ടിയാരിയുടെ സസ്പെൻഷൻ തീയതിയായ 20.6.2016

പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പിരിച്ച് വിട്ടു.

12. ഡബ്ല്യൂ.പി.(സി) നമ്പർ 954/2018-ലേയും ഡബ്ല്യൂ.പി.(സി) നമ്പർ 30008/2018-ലേയും പൊതുവിധി പ്രകാരം ബഹു. കേരള ഹൈക്കോടതി കക്ഷികളോടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ ഹിയറിംഗിന് ഹാജരാകാനും തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കെഇആർ 1959 അധ്യായം XI A റൂൾ 75(ii)(c) പ്രകാരം ഒരു തീരുമാനം എടുക്കാനും നിർദ്ദേശിച്ചു.

13. റിവിഷൻ ഹർജിക്കാരിക്ക് എതിരെ ശിക്ഷാ നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിക്കായി രണ്ടാം എതിർകക്ഷി സമർപ്പിച്ച അപേക്ഷ എക്സിബിറ്റ് പി12 ഉത്തരവ് പ്രകാരം നിരസിക്കപ്പെട്ടു.

14. രണ്ടാം എതിർകക്ഷി സർക്കാരിന് നൽകിയ റിവിഷൻ സർക്കാർ പരിഗണിക്കുകയും ടി റിവിഷൻ തള്ളുകയും എക്സിബിറ്റ് പി15 പ്രകാരം റിവിഷൻ ഹർജിക്കാരിയെ സർവിസിൽ പുനഃപ്രവേശിപ്പിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഭാഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

15. എക്സിബിറ്റ് പി16 പ്രകാരം ഒന്നാം എതിർകക്ഷി രണ്ടാം എതിർകക്ഷിയോട് റിവിഷൻ ഹർജിക്കാരിയെ സർവീസിൽ പുനഃപ്രവേശിപ്പിച്ച എക്സിബിറ്റ് പി15 ഉത്തരവ് പാലിക്കുവാൻ നിർദ്ദേശിച്ചു.

16. റിവിഷൻ ഹർജിക്കാരിയെ സർവീസിൽ പുനഃപ്രവേശിപ്പിക്കുവാൻ നിർദ്ദേശിച്ച സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്തുള്ള രണ്ടാം എതിർകക്ഷിയുടെ റിട്ട് ഹർജി എക്സിബിറ്റ് പി17 പ്രകാരം ബഹു. ഹൈക്കോടതി തള്ളി.

17. എക്സിബിറ്റ് പി16 ഉത്തരവും ബഹു.ഹൈക്കോടതിയുടെ പി17 വിധിന്യായവും പാലിച്ചുകൊണ്ട് രണ്ടാം എതിർകക്ഷി 23.09.2019-ലെ ഉത്തരവ് പ്രകാരം റിവിഷൻ ഹർജിക്കാരിയെ സർവീസിൽ പുനഃപ്രവേശിപ്പിച്ചു.

18. അങ്ങയുടെ ഓഫീസിലെ എക്സിബിറ്റ് പി21 ഉത്തരവ് പ്രകാരം റിവിഷൻ ഹർജിക്കാരിയുടെ സസ്പെൻഷൻ കാലയളവിലെ സേവനം ഒരു മാസത്തിനകം റെഗുലറൈസ് ചെയ്യാൻ രണ്ടാം എതിർകക്ഷിക്ക് നിർദേശം നൽകപ്പെട്ടു.

19. എക്സിബിറ്റ് പി 21 ഉത്തരവ് പാലിച്ച് കൊണ്ട് രണ്ടാം എതിർകക്ഷി റിവിഷൻ ഹർജിക്കാരിയുടെ സസ്പെൻഷൻ കാലയളവ് ടിയാരിയുടെ അപേക്ഷയുടെ

അടിസ്ഥാനത്തിൽ ശൂന്യവേതനാവധി ഉൾപ്പെടെയുള്ള എലിജിബിൾ ലീവായി കണക്കാക്കി.

20. ഇപ്പോൾ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന ഉത്തരവ് രണ്ടാം എതിർകക്ഷിയായ വയനകം വി.എച്ച്.എസ്.എസ്.ലെ മാനേജർ പുറപ്പെടുവിച്ചിട്ടുള്ളതും ഒന്നാം എതിർകക്ഷി സാധൂകരിച്ചിട്ടുള്ളതുമാണ്.

21. ഇവിടെ മൂന്നാം എതിർകക്ഷിയായി വയനകം വി.എച്ച്.എസ്.എസ്.ലെ ഹെഡ്മിസ്ട്രസ് ചേർക്കപ്പെട്ടത് ഒരു ഔപചാരിക കക്ഷി ആയി മാത്രമാണ്. കെഇആർ 1959 അധ്യായം XIV A റൂൾ 70 അനുശാസിക്കുന്നത് മാനേജർ ശിക്ഷ നടപ്പാക്കുന്നത് ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസുമായി ചർച്ച ചെയ്തതാകണമെന്നാണ്. ഇവിടെ ഇത് പാലിക്കുന്നതിന് വേണ്ടി ആണ് ശിക്ഷ നടപ്പാക്കുന്നതിന് മുമ്പ് രണ്ടാം എതിർകക്ഷിയായ മാനേജർ മൂന്നാം എതിർകക്ഷിയോട് ചർച്ച ചെയ്തത്.

22. റിവിഷൻ ഹർജിക്കാരി ചെയ്ത കുറ്റം ഗൗരവസ്വഭാവം ഉള്ളതും സ്കൂളിന്റെ പ്രവർത്തനത്തിന് ഹാനികരവും സ്കൂൾ ജീവനക്കാർക്ക് അപകീർത്തി വരുത്തിയിട്ടുള്ളതുമാണ്.

23. റിവിഷൻ ഹർജിക്കാരി ചെയ്ത പ്രവൃത്തി കെഇആർ അദ്ധ്യായം XIV B, XIV C എന്നിവയിൽ വിഭാവനം ചെയ്ത പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണ്.

24. 14.10.2016-ലെ എക്സിബിറ്റ് പി4 റിപ്പോർട്ട് പ്രകാരം ഒന്നാം എതിർകക്ഷി ഇതിനകം തന്നെ റിവിഷൻ ഹർജിക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ രണ്ടാം എതിർകക്ഷിക്ക് അനുവാദം നൽകിയിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എക്സിബിറ്റ് പി6 പ്രകാരം റിവിഷൻ പെറ്റിഷണർക്കെതിരെ അച്ചടക്കനടപടി കൈകൊള്ളുവാൻ നിർദ്ദേശിച്ചിരുന്നു.

25. ഇപ്പോൾ എക്സിബിറ്റ് പി23 പ്രകാരം ഒന്നാം എതിർകക്ഷി കെഇആർ 1959 അദ്ധ്യായം XIV A റൂൾ 70-ന്റെ അടിസ്ഥാനത്തിൽ എക്സിബിറ്റ് പി 22 സാധൂകരിക്കുകയും റിവിഷൻ ഹർജിക്കാരിയുടെമേൽ സ്വീകരിച്ച ശിക്ഷാ നടപടി സ്ഥിരീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ മേൽ പരാമർശിച്ച പുനഃപരിശോധനാ ഹർജി മെറിറ്റുകളില്ലാത്തതും തള്ളിക്കളയപ്പെടേണ്ടതാണെന്നും ബോധിപ്പിച്ചുകൊള്ളുന്നു.”

5) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

"വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി/(സോഷ്യൽ സയൻസ്) ശ്രീമതി.ആശാ ചന്ദ്രനും ഫുൾടൈം മീനിയൽ ശ്രീ.അനിൽകുമാർ ആനന്ദും തമ്മിൽ അസാന്മാർഗ്ഗിക ബന്ധം പുലർത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട് എന്നും, ഇത് വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമാകുമെന്നും ആരോപിച്ച് കെ.ഇ.ആർ. ചാപ്റ്റർ XIV എ ചട്ടം 75 പ്രകാരം മാനേജർ ടി ജീവനക്കാരെ 20.05.2016 പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. ശ്രീമതി.ആശാ ചന്ദ്രനെ സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് മാനേജർ വിവിധ തലങ്ങളിൽ സമർപ്പിച്ച അപേക്ഷ നിരസിക്കപ്പെടുകയും ടിയാരിയെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ലഭിച്ച നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 17566/2019-ന്റെ 29.08.2019-ലെ വിധിന്യായ പ്രകാരം, ടിയാരിയെ സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്ന മാനേജരുടെ ആവശ്യം നിരാകരിക്കപ്പെടുകയും, ശ്രീമതി.ആശാ ചന്ദ്രനെ അടിയന്തരമായി സ്കൂളിൽ പുന:പ്രവേശിപ്പിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 30.09.2019 പ്രാബല്യത്തിൽ ടിയാരിയെ സ്കൂളിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു.

ശ്രീമതി.ആശാ ചന്ദ്രൻ വേലവിലക്ക് മൂലം പുറത്തുനിന്ന കാലയളവ് ക്രമീകരിച്ച് ലഭിക്കുന്നതിനായി സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. ടി റിവിഷൻ ഹർജി തീർപ്പാക്കി സർക്കാർ പുറപ്പെടുവിച്ച, 11.01.2021-ലെ സ.ഉ.(സാധാ) നമ്പർ. 250/2021/പൊ.വി.വ.ൽ വേലവിലക്ക് കാലം ക്രമീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും, അതിൻ പ്രകാരം, വേലവിലക്ക് കാലം ക്രമീകരിച്ച് ശിക്ഷാ നടപടികൾ തീർപ്പാക്കി 15.02.2021-ലെ 5/2021 പ്രകാരം മാനേജർ പുറപ്പെടുവിച്ച ഉത്തരവിൽ, കെ.ഇ.ആർ ചാപ്റ്റർ XIV A ചട്ടം 65(1) പ്രകാരം, ടിയാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞും 20.05.2016 മുതൽ 29.09.2019 വരെയുള്ള ശ്രീമതി.ആശാ ചന്ദ്രന്റെ വേലവിലക്ക് കാലം അർഹതപ്പെട്ട അവധിയായും ക്രമീകരിച്ചിരിക്കുകയും ചെയ്തിരുന്നു.

കെ.ഇ.ആർ. ചാപ്റ്റർ XIV A ചട്ടം 65(1) പ്രകാരം, മാനേജരുടെ ടി നടപടി ഉത്തരവ് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ, ഈ ആഫീസിനോട് നിർദ്ദേശിച്ചതിൻപ്രകാരം, വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ശ്രീമതി.ആശാ ചന്ദ്രന്റെ വേലവിലക്ക് കാലവും

ശിക്ഷണ നടപടിയും പൂർത്തീകരിച്ച ടി സ്കൂൾ മാനേജരുടെ ഉത്തരവ് കെ.ഇ.ആർ. ചാപ്റ്റർ XIV A ചട്ടം 70-ന്റെ അടിസ്ഥാനത്തിൽ, 05.11.2022-ലെ ബി2/2939/2016 ഉത്തരവിൻ പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീമതി.ആശാ ചന്ദ്രന്റെ റിവിഷൻ പെറ്റീഷനിലെ ആവശ്യം 15.02.2021-ൽ മാനേജർ പുറപ്പെടുവിച്ച 5/2021 നമ്പർ ഉത്തരവ് അംഗീകരിച്ചു കൊണ്ട് കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ പുറപ്പെടുവിച്ച 05.11.2022-ലെ ബി2/2939/2016 ഉത്തരവ് അസാധുവാക്കണം എന്നും ടിയാരിയുടെ 20.05.2016 മുതൽ 29.09.2019 വരെയുള്ള സസ്പെൻഷൻ കാലയളവ് എല്ലാ തരത്തിലും ഡ്യൂട്ടിയായി പരിഗണിക്കണം എന്നുമുള്ളതാണ്. മാനേജർ 15.02.2022-ൽ പുറപ്പെടുവിച്ച ഉത്തരവ് അതേപടി ഈ ആഫീസ് അംഗീകരിച്ചതായും അത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഒന്നും പാലിച്ചില്ല എന്നും ശ്രീമതി.ആശാ ചന്ദ്രൻ തന്റെ റിവിഷൻ ഹർജിയിൽ ആരോപിക്കുന്നു.

വയനകം ഹൈസ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി.ആശാ ചന്ദ്രന്റെ പെരുമാറ്റം കേരള വിദ്യാഭ്യാസ ചട്ടം 14ബി, 14സി അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾക്ക് വിരുദ്ധവും, ടിയാരിയുടെ ഭാഗത്ത് നിന്നും സ്കൂളിന്റെ യശസ്സിനും സുഗമമായ നടത്തിപ്പിനും യോജിക്കാത്ത നടപടി ഉണ്ടായിട്ടുള്ളതായും ആരോപിച്ചാണ് മാനേജർ ടിയാരിയെ 20.05.2016-ൽ സസ്പെൻഡ് ചെയ്യുന്നത്. പിന്നീട് ടിയാരിയെ സേവനത്തിൽ നിന്ന് തന്നെ നീക്കണം എന്ന് ആവശ്യപ്പെട്ട് മാനേജർ വിവിധ തലങ്ങളിൽ സമർപ്പിച്ച അപേക്ഷ നിരസിക്കുകയും, ടിയാരിയെ തിരികെ സേവനത്തിൽ പ്രവേശിക്കണമെന്ന് ലഭിച്ച നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും എതിരെ മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിലെ വിധിന്യായത്തിൽ ടിയാരിയെ സേവനത്തിൽ നിന്നും നീക്കണമെന്ന മാനേജരുടെ ആവശ്യം നിരാകരിക്കപ്പെടുകയും 30.09.2019-ൽ ശ്രീമതി.ആശാ ചന്ദ്രനെ സ്കൂളിൽ പുന:പ്രവേശിക്കുകയും ചെയ്തു. പിന്നീട് ശ്രീമതി.ആശാ ചന്ദ്രൻ വേലവിലക്ക് മൂലം പുറത്ത് നിന്ന കാലയളവ് ക്രമീകരിക്കണം എന്നാവശ്യപ്പെട്ട് സർക്കാർ മുമ്പാകെ ഹർജി സമർപ്പിക്കുകയും ടി ഹർജി തീർപ്പാക്കി കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ വേലവിലക്ക് കാലം ക്രമീകരിച്ച് നൽകാൻ മാനേജരെ ചുതലപ്പെടുത്തുകയും അതിൻപ്രകാരം, മാനേജർ ടിയാരിയുടെ വേലവിലക്ക് കാലം ക്രമീകരിച്ച് ശിക്ഷാനടപടികൾ തീർപ്പാക്കികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ. ചാപ്റ്റർ XIV A ചട്ടം 70 പ്രകാരം നിഷിപ്തമായ അധികാരം ഉപയോഗിച്ച്, നടപടിക്രമങ്ങൾ പൂർത്തിയാക്കി

അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

മാനേജരുടെ 15.02.2021-ലെ ഉത്തരവിനെതിരെ ശ്രീമതി.ആശാ ചന്ദ്രൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ ഡബ്ല്യു.പി(സി).7207/2021 പ്രകാരം ഹർജി സമർപ്പിച്ചിട്ടുള്ളതിൻ പ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 13.01.2023-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, പെറ്റീഷണർ ശ്രീമതി.ആശാ ചന്ദ്രൻ സമർപ്പിച്ച റിവിഷൻ ഹർജിയിൽ ടിയാരിയെയും, 5, 6 എന്നീ എതിർകക്ഷികളായ സ്കൂൾ മാനേജർ, സ്കൂൾ പ്രഥമാദ്ധ്യാപകൻ എന്നിവരെയും കേട്ടശേഷം ഉചിതമായി ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. 11.01.2022-ലെ സർക്കാർ ഉത്തരവ്(സാധാ)നമ്പർ.250/2021/പൊ.വി.വ പ്രകാരം, ഹർജ്ജിക്കാരിയുടെ വേലവിലക്ക് ക്രമീകരിച്ച് നൽകുന്നതിന് സ്കൂൾ മാനേജരെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം, മാനേജർ 15.02.2021 തീയതിയിൽ പുറപ്പെടുവിച്ച 5/2021 നമ്പർ ഉത്തരവിൽ ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞുകൊണ്ടും 20.05.2016 മുതൽ 29.09.2019 വരെയുള്ള വേലവിലക്ക് കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവാകുകയും അത് അംഗീകാരത്തിനായി ഹാജരാക്കുകയും ചെയ്തു. കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 70 പ്രകാരം മാനേജരുടെ നടപടി ഉത്തരവ് പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിച്ച സാഹചര്യത്തിൽ, ശ്രീമതി.ആശാ ചന്ദ്രന്റെ വേലവിലക്ക് കാലവും ശിക്ഷണ നടപടിയും പൂർത്തീകരിച്ച ടി സ്കൂൾ മാനേജരുടെ ഉത്തരവ് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 70 പ്രകാരം അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുള്ളതാണ്.''

**6) വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും സമാനമായ റിപ്പോർട്ട് ഇപ്രകാരമാണ് :**

"ഹർജിക്കാരിയായ ശ്രീമതി.ആശാ ചന്ദ്രൻ 01/06/2009 മുതൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിലുള്ള വയനകം വി.എച്ച്.എസ്.എസ്.ൽ എച്ച്.എസ്.റ്റി.(സോഷ്യൽ സയൻസ്) ആയി സേവനമനുഷ്ഠിച്ചു വരവേ ശ്രീമതി.ആശാ ചന്ദ്രനും, ടി സ്കൂളിലെ ഫുൾടൈം മീനിയൽ ആയിരുന്ന ശ്രീ.അനിൽകുമാർ ആനന്ദും തമ്മിൽ അസാന്മാർഗ്ഗിക ബന്ധം പുലർത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഇത് വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമാകുമെന്നും, ആരോപിച്ചുകൊണ്ട് ടി സ്കൂൾ മാനേജർ ടി

ജീവനക്കാരെ 20.05.2016 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തുകയും ടിയാളുകൾക്കെതിരെ അച്ചടക്കനടപടികൾ ആരംഭിക്കുകയും ചെയ്തു. ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞ മാനേജരുടെ നടപടി റദ്ദ് ചെയ്തതിനു തുടർച്ചയായി ശ്രീമതി.ആശാ ചന്ദ്രനെ സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് മാനേജർ വിവിധതലങ്ങളിൽ സമർപ്പിച്ച അപേക്ഷ നിരസിക്കപ്പെട്ടുകയും ടിയാരിയെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് ലഭിച്ച നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി നം. 17566/2019 ഫയൽ ചെയ്യുകയും ചെയ്തു. ടി കേസിലെ ബഹു. കേരളാ ഹൈക്കോടതിയുടെ 29.08.2019-ലെ വിധിന്യായ പ്രകാരം, ടിയാരിയെ സേവനത്തിൽ നിന്നും, നീക്കം ചെയ്യണമെന്ന മാനേജരുടെ ആവശ്യം നിരാകരിക്കപ്പെട്ടുകയും ശ്രീമതി.ആശാ ചന്ദ്രനെ അടിയന്തരമായി പുനഃപ്രവേശിപ്പിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ സ്കൂളിൽ 30.09.2019 പ്രാബല്യത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകുകയും ചെയ്തു.

ശ്രീമതി.ആശാ ചന്ദ്രൻ വേവലവിലക്ക് മൂലം പുറത്തുനിന്ന കാലയളവ് ക്രമികരിച്ച് ലഭിക്കുന്നതിനായി സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. ടി റിവിഷൻ ഹർജി തീർപ്പാക്കി സർക്കാർ പുറപ്പെടുവിച്ച 11.01.2021-ലെ സ.ഉ.(സാധാ)നമ്പർ.250/2021/പൊ.വി.വ.ൽ വേലവിലക്ക് കാലം ക്രമീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും, അതിൻപ്രകാരം, വേലവിലക്ക് കാലം ക്രമീകരിച്ച് ശിക്ഷാനടപടികൾ തീർപ്പാക്കി 15.02.2021-ലെ 5/2021 പ്രകാരം മാനേജർ പുറപ്പെടുവിച്ച ഉത്തരവിൽ, കെ.ഇ.ആർ ചാപ്റ്റർ XIV A ചട്ടം 65 (ii) പ്രകാരം ടിയാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞും, 20.05.2016 മുതൽ 29.09.2019 വരെയുള്ള ശ്രീമതി.ആശാ ചന്ദ്രന്റെ വേലവിലക്ക് കാലം അർഹതപ്പെട്ട അവധിയായും ക്രമീകരിക്കുകയും ചെയ്തിരുന്നു.

കെ.ഇ.ആർ ചാപ്റ്റർ XIV A ചട്ടം 65(ii) പ്രകാരമുള്ള ശിക്ഷ നൽകിക്കൊണ്ട് ടി സ്കൂൾ മാനേജർ പുറപ്പെടുവിച്ച നടപടി ഉത്തരവ്, കെ.ഇ.ആർ. ചാപ്റ്റർ XIV A ചട്ടം 70 പ്രകാരം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് തടസ്സമില്ല എന്ന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ശ്രീമതി.ആശാ ചന്ദ്രന്റെ വേലവിലക്ക് കാലവും ശിക്ഷണ നടപടിയും

പൂർത്തീകരിച്ച ടി സ്കൂൾ മാനേജരുടെ ഉത്തരവ് കെ.ഇ.ആർ. ചാപ്റ്റർ XIV A ചട്ടം 70-ന്റെ അടിസ്ഥാനത്തിൽ, 05.11.2022-ലെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി2/2939/2016 ഉത്തരവ് പ്രകാരം, സാധൂകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി.ആശാ ചന്ദ്രന്റെ റിവിഷൻ പെറ്റീഷനിലെ ആവശ്യം 15.02.2021-ൽ മാനേജർ പുറപ്പെടുവിച്ച 5/2021 നമ്പർ ഉത്തരവ് അംഗീകരിച്ച് കൊണ്ട് കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ പുറപ്പെടുവിച്ച 05.11.2022-ലെ ബി2/2939/2016 ഉത്തരവ് അസാധുവാക്കണമെന്നും, ടിയാരിയുടെ 20.05.2016 മുതൽ 29.09.2019 വരെയുള്ള സസ്പെൻഷൻ കാലയളവ് എല്ലാ തരത്തിലും ഡ്യൂട്ടിയായി പരിഗണിക്കണം എന്നുമുള്ളതാണ്. മാനേജർ 15.02.2022-ൽ പുറപ്പെടുവിച്ച ഉത്തരവ് അതേപടി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചതായും അത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഒന്നും പാലിച്ചില്ല എന്നും ശ്രീമതി.ആശാ ചന്ദ്രൻ തന്റെ റിവിഷൻ ഹർജിയിൽ ആരോപിക്കുന്നു.

കെ.ഇ.ആർ. അധ്യായം XIV A ചട്ടം 65(ii) പ്രകാരമുള്ള ഇൻക്രിമെന്റോ, പ്രൊമോഷനോ തടയുക എന്നത് ലഘുവായ ശിക്ഷകളുടെ ഗണത്തിൽപ്പെടുന്നു എന്ന് ചട്ടം 76-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഹെഡ്മാസ്റ്ററുമായി ആലോചിച്ച് ഒരദ്ധ്യാപകനെതിരെ ഇൻക്രിമെന്റോ, പ്രൊമോഷനോ തടഞ്ഞുവെയ്ക്കാനുള്ള ശിക്ഷ മാനേജർക്ക് ഏർപ്പെടുത്താവുന്നതാണെന്നും, എന്നാൽ മാനേജരുടെ നടപടി ശരിയാണെന്ന് പിന്നീട് വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കേണ്ടതുണ്ടെന്നും കെ.ഇ.ആർ. അധ്യായം XIV എ ചട്ടം 70-ൽ വ്യവസ്ഥചെയ്യുന്നു. ടി കേസിൽ കെ.ഇ.ആർ. അധ്യായം XIV എ ചട്ടം 65 (ii) പ്രകാരമുള്ള ശിക്ഷ ചുമത്തിയ മാനേജരുടെയും, അതിന് കെ.ഇ.ആർ. അധ്യായം XIV എ ചട്ടം 70 പ്രകാരമുള്ള അംഗീകാരം നൽകിയ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെയുമാണ് ശ്രീമതി. ആശ ചന്ദ്രൻ സർക്കാർ മുൻപാകെ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.”

**7)** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും ഹെഡ്മിസ്ട്രസ്സിന്റെയും വാദങ്ങളുടെയും അവർ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞു കൊണ്ടുള്ള മാനേജരുടെ ഉത്തരവ് റദ്ദാക്കിയും ടിയാരിയുടെ സസ്പെൻഷൻ കാലയളവ് എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ചും ഉത്തരവാകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) ഹർജിക്കാരി വയനകം വി.എച്ച്.എസ്.എസ്.ൽ 01.06.2009 മുതൽ എച്ച്.എസ്.റ്റി. (എസ്.എസ്) ആയി സേവനമനുഷ്ഠിച്ചു വരുന്നു.

(2) ടി സ്കൂളിൽ എഫ്.റ്റി.എം. ആയ ശ്രീ.അനിൽ കുമാർ ആനന്ദും ഹർജിക്കാരിയും തമ്മിലുള്ള അസാന്മാർഗ്ഗിക ബന്ധം പുലർത്തുന്നത് ബോധ്യപ്പെട്ടെന്ന് ആരോപിച്ച് KER Chapter XIV A Rule 75 പ്രകാരം ടി ജീവനക്കാരെ 20.05.2016 പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തു (ഉത്തരവ് നം. 01/2016-17 dated 20.05.2016).

(3) മാനേജരുടെ ഈ നടപടി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശരിവച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട് (ഉത്തരവ് നം. B2/2939/16 dated 04.06.2016)

(4). ടി രണ്ടു ജീവനക്കാർക്കും 25.06.2016 തീയതിയിൽ മാനേജർ കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. പ്രധാനാധ്യാപികയുടെ 11.05.2016-ലെ 17/2015-16-ാം നമ്പർ റിപ്പോർട്ട് പ്രകാരമാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നത്.

(5) മാനേജരുടെ അപേക്ഷ പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ കുറ്റാരോപിതരെയും മറ്റ് ബന്ധപ്പെട്ട പരാതിക്കാരെയും സ്കൂൾ ഹെഡ്മാസ്റ്ററെയും, സ്കൂൾ ജീവനക്കാരുടെ പ്രതിനിധി staff council secretary ശ്രീമതി.സിന്ധുവിനെയും കേൾക്കുകയും, ടിയാളുകൾക്കെതിരെയുള്ള ആരോപണങ്ങൾ ശരിയാണെന്ന് 14.10.2016-ലെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(6) തുടർന്ന് അച്ചടക്കനടപടിയുടെ ഭാഗമായി ടിയാളുകൾക്ക് 15.11.2016 തീയതിയിൽ മാനേജർ കാരണം കാണിക്കൽ നോട്ടീസ് നൽകി.

(7) ടി നോട്ടീസിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ശ്രീമതി.ആശാ ചന്ദ്രന് നിർബന്ധിത വിരമിക്കലിന് ഉത്തരവ് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിക്കായി മാനേജർ അപേക്ഷിച്ചതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ടി വിഷയവുമായി ബന്ധപ്പെട്ട് മാനേജർ, ഹെഡ്മാസ്റ്റർ, കുറ്റാരോപിതർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പ്രതിനിധികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും, കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും പ്രകാരം യുക്തമായ നടപടി സ്വീകരിച്ച് അച്ചടക്കനടപടി പൂർത്തീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. (ഉത്തരവ് നം. VB5/89836/2016/DPI dated

10.05.2017).

(8) തുടർന്ന് മാനേജർ ശ്രീമതി.ആശാ ചന്ദ്രന്റെയും ശ്രീ.അനിൽ കുമാർ ആനന്ദിന്റെയും സേവനം സസ്പെൻഷൻ തീയതിയായ 20.06.2016 മുതൽ പ്രാബല്യത്തിൽ അവസാനിപ്പിച്ച് ഉത്തരവായി (നമ്പർ. 17(12)/2016-17 dated 21.06.2017).

(9) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ടി ഉത്തരവിനെതിരെ ടിയാരി ഫയൽ ചെയ്ത WP(C)No.20734/2017(N)-ൽ ബഹു. ഹൈക്കോടതി 12.07.2017 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ടിയാരിയെ നേരിൽ കേട്ട്, ടിയാരി സമർപ്പിച്ചിട്ടുള്ള 24.06.2017-ലെ അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുവാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി.

(10) കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഹർജിക്കാരിയെ അടിയന്തരമായി സർവ്വീസിൽ പുന:പ്രവേശിപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി (ഉത്തരവ് നം.ബി3/12028/2017/കെ.ഡിസ് തീയതി 02.12.2017). ടി ഉത്തരവ് നടപ്പാക്കാത്തതിനാൽ ശ്രീമതി.ആശാ ചന്ദ്രൻ WP(C)No.954/2018 ഫയൽ ചെയ്തു.

(11) ഇതിനെതിരെ മാനേജർ ഫയൽ ചെയ്ത WP(C)No.30008/2018-ൽ ബഹു. ഹൈക്കോടതി 16.10.2018 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീമതി.ആശാ ചന്ദ്രനെയും മാനേജരെയും കേട്ട്, KER Chapter XIV A Rule 75(ii)(c) പ്രകാരം തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.ആശാ ചന്ദ്രനെ സേവനത്തിൽ നിന്നും പിരിച്ചു വിടുക എന്ന തരത്തിലുള്ള കർശന ശിക്ഷ നടപ്പാക്കേണ്ടുന്ന സാഹചര്യം ഒന്നും തന്നെ ഉള്ളതായി ബോധ്യപ്പെടാത്തതിനാൽ മാനേജരുടെ അപേക്ഷ നിരസിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായി (ഉത്തരവ് നം. VB5/52842/2018/DPI/K.Dis dated 26.11.2018).

(12) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ടി ഉത്തരവിനെതിരെ മാനേജർ വീണ്ടും ഫയൽ ചെയ്ത WP(C)No.1409/2019-ൽ ബഹു. ഹൈക്കോടതി 18.01.2019 തീയതിയിൽ പ്രസ്താവിച്ച വിധിന്യായത്തിൽ, മാനേജരും ശ്രീമതി.ആശാ ചന്ദ്രനും പൊതുവിദ്യാഭ്യാസ സെക്രട്ടറി മുമ്പാകെ ഹാജരാകുന്നതിനും, മാനേജരുടെ റിവ്യൂ പെറ്റീഷനിൽ തീരുമാനം കൈക്കൊള്ളുവാൻ സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഹിയറിംഗ് നടത്തുകയും, സേവനത്തിൽ നിന്നും പിരിച്ചു വിടുക എന്ന തരത്തിലുള്ള കർശന ശിക്ഷ നടപ്പാക്കുന്നതിനുള്ള സാഹചര്യം നിലവിലുള്ളതായി ബോധ്യപ്പെടാത്തതിനാൽ

ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ പുന:പ്രവേശിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും മാനേജരുടെ റിവിഷൻ ഹർജി നിരസിച്ചും G.O.(Rt)No.1792/2019/GEdn dated 20.05.2019 പ്രകാരം ഉത്തരവായി.

(13) ടി സർക്കാർ ഉത്തരവിനെതിരെ മാനേജർ ഫയൽ ചെയ്ത WP(C)No.17566/2019-ന്റെ 29.08.2019 തീയതി വിധിന്യായത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2018-ലെ ഉത്തരവും 20.05.2019-ലെ സർക്കാർ ഉത്തരവും 04.06.2019-ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്തും ബഹു. ഹൈക്കോടതി ശരി വയ്ക്കുകയും, ശ്രീമതി.ആശാ ചന്ദ്രനെ അടിയന്തരമായി സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

(14) തുടർന്ന് മാനേജർ 23.08.2019-ലെ നടപടി ഉത്തരവ് പ്രകാരം ശ്രീമതി.ആശാ ചന്ദ്രനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

(15) തന്റെ 20.05.2016 മുതൽ 30.09.2019 വരെയുള്ള വേലവിലക്ക് കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് 15.11.2019 തീയതിയായി ശ്രീമതി.ആശാ ചന്ദ്രൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

(16) തുടർന്ന് ടിയാരി ഫയൽ ചെയ്ത WP(C)No.13259/2020-ൽ 03.07.2020-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ടിയാരിയെയും, മാനേജരെയും നേരിൽ കേട്ട്, ടിയാരിയുടെ 15.11.2019 തീയതിയിലെ അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, ടിയാരിയുടെ വേലവിലക്ക കാലം ക്രമീകരിച്ച നൽകുവാൻ മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 11.01.2021 തീയതിയിൽ G.O.(Rt)No. 250/2021/G.Edn പുറപ്പെടുവിച്ചു.

(17) ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ ടിയാരിയുടെ മൂന്ന് ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞുകൊണ്ടും, ടിയാരിയുടെ 20.05.2016 മുതൽ 22.09.2019 വരെയുള്ള വേലവിലക്ക് കാലയളവ് അർഹതപ്പെട്ട അവധി (ശൂന്യവേതനാവധി ഉൾപ്പെടെ) ആയി ക്രമീകരിച്ചു കൊണ്ടും ഉത്തരവായി (ഉത്തരവ് നം. 5/2021 dated 15.02.2021). മാനേജരുടെ ടി നടപടി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവായി (ഉത്തരവ് നം. B2/2939/2016 dated 05.11.2022).

(18) ടി ഉത്തരവുകൾക്കെതിരെയാണ് ശ്രീമതി.ആശാ ചന്ദ്രൻ ബഹു. ഹൈക്കോടതിയിൽ WP(C) 7207/2021 ഫയൽ ചെയ്തിട്ടുള്ളത്.

**8)** മാനേജർ ഫയൽ ചെയ്ത WP(C)No.17566/2019(1)-ന്റെ 29.08.2019 തീയതി വിധിന്യായത്തിന്റെ ഖണ്ഡിക 11-12-ൽ ബഹു. കോടതി ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്:

*11. It is seen that the & respondent had been working in the school from 2009 onwards. The petitioner does not have any case that there was any dereliction of duty on the part of the 6" respondent during her service career on any aspect. There is no complaint from any of the students or other teachers on her functioning as a teacher. The allegations raised against her is that she was found together with a FTM in the early hours of a day in 2016. She has been kept out of service for the last more than 3 years. Apart from the allegations as to the incident which occurred in May, 2016, there is no complaint against her with respect to her performance of the duties as a teacher.*

*12. Therefore, I am of the view that keeping the 6$^{th}$ respondent out of service for more than 3 years itself is a punishment sufficient as against the allegations raised against her. The contention raised on behalf of the Manager that the direction for reinstatement was issued after the petitioner was already awarded the punishment is unsustainable in view of the common judgment Ext.P 11 wherein this Court found that the 2$^{nd}$ respondent has not passed any orders on the question of prior permission for imposing the penalty of compulsory retirement. In Ext.P 11 judgment this Court had also noticed that the petitioner has chosen to challenge the order of the Deputy Director of Education only after the 6$^{th}$ respondent filed WP(C) No.954/2018, that too, only on*

*12.09.2018. When this Court directed in Ext.P 11 judgment that the DPI has to take a decision in terms of rule 75(11) (c) on the question of prior permission on the proposal for punishment it cannot be said that the punishment was already imposed. However, by Ext.P13 order the DPI found that a punishment of compulsory retirement is not at all warranted in the circumstance of the case. The finding of the DPI as well as Government who considered the allegations raised against the 6th respondent and found it unnecessary to keep the 6th respondent out of service any more does not suffer from any illegality. Though it is true that registration of crime is not necessary to initiate disciplinary proceedings or to award punishment, the allegations raised against the teacher was that she was brought before the Police Station. At any rate, on account of an incident which occurred in 2016, the career of the teacher should not be spoiled".*

**9)** KER അധ്യായം XIV A ചട്ടം 65(ii) പ്രകാരമുള്ള ഇൻക്രിമെന്റോ പ്രൊമോഷനോ തടയുക എന്നത് ലഘുവായ ശിക്ഷകളുടെ ഗണത്തിൽപ്പെടുന്നു എന്ന് ചട്ടം 76-ൽ വ്യക്തമാക്കിയിട്ടുണ്ടെന്നും, ഹെഡ്മാസ്റ്ററുമായി ആലോചിച്ച് ഒരദ്ധ്യാപകനെതിരെ ഇൻക്രിമെന്റോ പ്രൊമോഷനോ തടഞ്ഞു വയ്ക്കാനുള്ള ശിക്ഷ മാനേജർക്ക് ഏർപ്പെടുത്താവുന്നതാണെന്നും, എന്നാൽ മാനേജരുടെ നടപടി ശരിയാണെന്ന് പിന്നീട് വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കേണ്ടതുണ്ടെന്നും KER അധ്യായം XIV A ചട്ടം 70-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**10)** മാനേജരുടെ വാദത്തിൽ നിന്നും വ്യക്തമാകുന്നത് സ്കൂൾ കോമ്പൗണ്ടിന് പുറത്ത് വച്ച് നടന്ന സംഭവത്തെ തുടർന്നാണ് ഹർജിക്കാരിക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്നാണ്. കൂടാതെ, ഹർജിക്കാരിക്കെതിരെ കുട്ടികളുടെ രക്ഷകർത്താക്കൾ മാനേജർക്ക് സമർപ്പിച്ച പരാതിയിൽ പരാതിക്കാരുടെ എണ്ണം കൂട്ടുന്നതിനായി ഒരേ ആൾക്കാർ തന്നെ ഒന്നിലധികം തവണ പേരെഴുതി ഒപ്പിട്ടിട്ടുള്ളതായി ഹർജിക്കാരി ആരോപിക്കുന്നുണ്ട്. ആരോപണവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ മാനേജർ സമർപ്പിച്ചിട്ടില്ല.

**11)** KER Chapter XIV C Rule 4-ൽ "Every Teacher shall at all times maintain a high example of personal and professional integrity and devotion to duty'' എന്ന് പ്രതിപാദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, സസ്പെൻഷൻ കാലയളവിൽ ഡ്യൂട്ടി ചെയ്തിട്ടില്ലാത്ത സാഹചര്യം കണക്കിലെടുത്തും, മാനേജർ ഹർജിക്കാരിയുടെ സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചത് അംഗീകരിച്ചും; ഹർജിക്കാരിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞ മാനേജരുടെ നടപടി റദ്ദ് ചെയ്തും; ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി24 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം കൊല്ലം വയനകം വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്) ആയ ശ്രീമതി.ആശാ ചന്ദ്രൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.7207/2021-ന്റെ 13.01.2023- ലെ വിധന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, വി.എച്ച്.എസ്.എസ്., വയനകം, കൊല്ലം
ശ്രീമതി.ആശാ ചന്ദ്രൻ, എച്ച്.എസ്.റ്റി.(എസ്.എസ്),
വി.എച്ച്.എസ്.എസ്., വയനകം, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (21.06.2024 ലെ GE-JA3/392 /2023-G.EDN നമ്പർ അനൗദ്യോഗിക കുറിപ്പ്)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് [B2/278/2022/GEDN]

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 11-07-2024 15:03:42
സെക്ഷൻ ഓഫീസർ